# വ്യവസായ കേരളം

30

Newsletter of
DIRECTORATE OF INDUSTRIES & COMMERCE
Government of Kerala

www.industry.kerala.gov.in

01 DECEMBER 2022





## മുളയിൽ തീർത്ത അത്ഭുതങ്ങൾക്ക് വേദിയൊരുക്കി

# പത്തൊൻപതാമത് കേരള ബാംബൂ ഫെസ്റ്റിന് തുടക്കമായി

വ്യവസായ വാണിജ്യ വകുപ്പിനുവേണ്ടി കേരള സംസ്ഥാന ബാംബൂ മിഷൻ സംഘടിപ്പിക്കുന്ന 19ാമത് കേരള ബാംബൂ ഫെസ്റ്റ് ബഹു. നിയമ വ്യവസായ കയർ വകുപ്പ് മന്ത്രി ശ്രീ. പി. രാജീവ് ഉദ്ഘാടനം ചെയ്തു. നവംബർ 27 മുതൽ ഡിസംബർ 4 വരെ കലൂർ ജവഹർലാൽ നെഹ്റു ഇന്റർനാഷണൽ സ്റ്റേഡിയം മൈതാനത്തിൽ ആണ് ഫെസ്റ്റ് സംഘടിപ്പിച്ചിരിക്കുന്നത്.

ഉദ്ഘാടന ദിവസം നവംബർ 27 ന് വൈകുന്നരം 6 മണിമുതൽ 9 മണി വരെയും ഫെസ്റ്റ് ദിവസങ്ങളിൽ (നവംബർ 28 മുതൽ ഡിസംബർ 4 വരെ) രാവിലെ 11 മുതൽ രാത്രി 9 മണി വരെയുമാണ് മേളയുടെ പ്രവേശന സമയം. പ്രവേശനം സൗജന്യമാണ്. 180 സ്റ്റാളുകളിലായി കേരളത്തിൽ നിന്നും ഇതര സംസ്ഥാനങ്ങളിൽ നിന്നുമായി 300 ഓളം കരകൗശല പ്രവർത്തകരും മുള അനുബന്ധ സ്ഥാപനങ്ങളും ബാംബൂ ഫെസ്റ്റിൽ പങ്കെടുക്കുന്നുണ്ട്.

സംസ്ഥാന ബാംബൂ മിഷൻ മുഖേന സംഘടിപ്പിച്ച ഡിസ!!ൈ!!ൻ വർക്ക്ഷോപ്പിലും, പരിശീലന പരിപാടികളിലും രൂപകൽപ്പന ചെയ്ത പുതുമയുള്ളതും വ്യത്യസ്ഥവുമായ ഉൽപ്പന്നങ്ങൾ പ്രദർശിപ്പിക്കുന്നതിനായി പ്രത്യേക ബാംബൂ ഗ്യാലറി മേളയോടനുബന്ധമായി സജ്ജമാക്കിയിട്ടുണ്ട്. ഫെസ്റ്റ് ദിവസങ്ങളിൽ വൈകുന്നേരം മുള വാദ്യോപകരണങ്ങൾ ഉപയോഗിച്ചുള്ള കലാ സാംസ്കാരിക പരിപാടികൾ ഉണ്ടായിരിക്കുന്നതാണ്. കൂടാതെ, മുളയരി, മുളകൂമ്പ് എന്നിവയിൽ നിർമ്മിച്ച വിവിധ ഭക്ഷ്യ ഉല്പന്നങ്ങളുടെ സ്റ്റാളുകളും മുള നഴ്സറികളും കുടുംബശ്രീയുടെ ഫുഡ് കോർട്ടും മേളയെ കൂടുതൽ ജനപ്രിയമാക്കാനായി പ്രവർത്തിക്കുന്നുണ്ട്.

തൃക്കാക്കര എംഎൽഎ ശ്രീമതി. ഉമാ തോമസ് അധ്യക്ഷത വഹിച്ച ചടങ്ങിൽ കൊച്ചിൻ കോർപ്പറേഷൻ മേയർ അഡ്വ. എം.അനിൽ കുമാർ പ്രത്യേക പ്രഭാഷണം നടത്തി. വ്യവസായ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിമാരായ ശ്രീ. സുമൻ ബില്ല ഐഎഎസ്, ശ്രീ. മുഹമ്മദ് ഹനീഷ് ഐഎഎസ്, കേരള സംസ്ഥാന ബാംബൂ കോർപ്പറേഷൻ ചെയർമാൻ ശ്രീ. ടി.കെ മോഹനൻ, കേരള വന ഗവേഷണ കേന്ദ്രം ഡയറക്ടർ ഡോ. ശ്യാം വിശ്വനാഥ്, കെബിപ്പ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ ശ്രീ. സൂരജ് എസ്., കൊച്ചിൻ കോർപ്പറേഷൻ കൗൺസിലർ അഡ്വ. ദീപ്തി മേരി വർഗീസ്, എറണാകുളം ജില്ലാ വ്യവസായ കേന്ദ്രം ജനറൽ മാനേജർ ശ്രീ. നജീബ് പി. എ, എന്നിവർ ചടങ്ങിൽ പങ്കെടുത്തു.





## ഇന്ത്യാ ഇന്റർനാഷണൽ ട്രേഡ് ഫെയറിന്റെ (ഐഐടിഎഫ്) 41-ാമത് എഡിഷനിൽ

# പ്രാതിനിത്യമറിയിച്ചു കേരളവും

ഇന്ത്യാ ഇന്റർനാഷണൽ ട്രേഡ് ഫെയർ (ഐഐടിഎഫ്) 2022 ലെ പ്രധാന ആകർഷണമായി കേരള പവിലിയൻ. ന്യൂ ഡൽഹി പ്രഗതി മൈതാനിയിൽ 2022 നവംബർ 14 മുതൽ 27 വരെ സംഘടിപ്പിച്ചിരുന്ന ഐഐടിഎഫ് 41-ാമത് എഡിഷനിൽ ഫോക്കസ് സംസ്ഥാനമായി പങ്കെടുത്ത കേരള പവിലിയൻ ഇതര സംസ്ഥാനക്കാരുടെയും ആകർഷക കേന്ദ്രമായിരുന്നു. മേളയിൽ കേരളത്തിന്റെ വ്യവസായ വളർച്ചയുടെ നേർക്കാഴ്ചയായി വ്യവസായ വകുപ്പിന്റെ തീം സ്റ്റാൾ സജ്ജീകരിച്ചിരുന്നു.

ട്രേഡ് ഫെയറിന്റെ ഇത്തവണത്തെ പ്രമേയം ആയ 'വോക്കൽ ഫോർ ലോക്കൽ , ലോക്കൽ ഫോർ ഗ്ലോബലിനെ' അധികരിച്ച് ഭൗമസൂചിക ലഭിച്ച കേരളത്തിലെ വിഭവങ്ങളും കേരളത്തിൽ നിന്ന് കയറ്റുമതി ചെയ്യുന്ന ഉത്പന്നങ്ങളും സ്റ്റാളിൽ സജ്ജീകരിച്ചിരുന്നു. എം.എസ്.എം.ഇ നാഷണൽ അവാർഡ്, ഉത്പാദന മേഖലയിൽ സൂക്ഷ്മ വിഭാഗത്തിൽ ഒന്നാം സ്ഥാനം നേടിയ സൗപർണിക തെർമിസ്റ്റേർസ്, രണ്ടാം സ്ഥാനവും എസ് സി വിഭാഗം ഒന്നാം സ്ഥാനവും നേടിയ ശ്രീഭദ്ര പാരമ്പര്യ ചികിത്സാലയം എന്നിവരുടെ ഉത്പന്നങ്ങളും പ്രദർശിപ്പിച്ചിരുന്നു. ഭൗമ സൂചിക ലഭിച്ച ആറൻമുള കണ്ണാടി , പയ്യന്നൂർ പവിത്ര മോതിരം എന്നിവ ജന ശ്രദ്ധ ആകർഷിക്കുന്നുണ്ടായിരുന്നു.



തീം സ്റ്റാൾ കൂടാതെ കേരളത്തിൽ നിന്നുള്ള 8 സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭകരുടെ ഉത്പന്നങ്ങൾ വിൽക്കുന്നതിന് 4 വാണിജ്യ സ്റ്റാളുകളും വ്യവസായ വാണിജ്യ വകുപ്പ് ക്രമീകരിച്ചിരുന്നു.

കേരളത്തിന്റെ തനത് വിഭവങ്ങളായ വെളിച്ചെണ്ണ, സുഗന്ധദ്രവ്യങ്ങൾ, വിവിധ ഇനം ചിപ്സ് എന്നിവ കൂടാതെ കരുമാങ്ങ, ഇളനീർ കൊണ്ടുള്ള വിഭവങ്ങളും അത്യാധുനിക ഇലക്ട്രോണിക് ഉപകരണങ്ങളും വ്യവസായ വകുപ്പിന്റെ സ്റ്റാളുകളിൽ ലഭ്യമായിരുന്നു.

## നവസംരംഭകർക്ക് നൂതനാശയ മത്സരം ;

# 'ഡ്രീംവെസ്റ്റർ'

നവസംരംഭകർക്കും ബിസിനസ് താത്പര്യമുള്ളവർക്കും ആശയങ്ങൾ അവതരിപ്പിക്കാനും അവ ബിസിനസ് സംരംഭങ്ങളാക്കി മാറ്റുന്നതിനുമായി വ്യവസായ വാണിജ്യ വകുപ്പ് 'ഡ്രീംവെസ്റ്റർ' എന്ന പേരിൽ നൂതനാശയ മത്സരം സംഘടിപ്പിക്കുന്നു. അഞ്ച് ലക്ഷം രൂപയാണ് ഒന്നാം സമ്മാനം. മത്സരത്തിന്റെ പ്രഖ്യാപനം ബഹു. നിയമ വ്യവസായ കയർ വകുപ്പ് മന്ത്രി ശ്രീ. പി. രാജീവ് തിരുവനന്തപുരത്ത് നിർവ്വഹിച്ചു.

സംസ്ഥാന സർക്കാർ 2022-23 സംരഭകത്വ വർഷമായി പ്രഖ്യാപിച്ച പശ്ചാത്തലത്തിൽ സംരംഭകത്വ വികസന സംരംഭങ്ങളുടെ ഭാഗമായിട്ടാണ് മത്സരം സംഘടിപ്പിക്കുന്നത്. തെരഞ്ഞെടുക്കപ്പെടുന്ന ആശയങ്ങൾക്ക് സർക്കാർ ഉടമസ്ഥതയിലുള്ള ബിസിനസ് ഇൻകുബേഷൻ സെന്ററുകളിലെ ഇൻകുബേഷൻ സ്പേസിലേക്കുള്ള പ്രവേശനം, മെന്ററിംഗ് പിന്തുണ, സീഡ് കാപ്പിറ്റൽ സഹായം, വിപണി ബന്ധങ്ങൾ തുടങ്ങിയവ ഉറപ്പു നൽകും.

മത്സരത്തിലേക്ക് ആശയങ്ങൾ 2022 നവംബർ 24 മുതൽ ഡിസംബർ 23 വരെ ഃഃഃ.ദ്വിലമ്ാലൃേ.ശി എന്ന വെബ്സൈറ്റിലൂടെ സമർപ്പിക്കാം. 18 - 35 വയസ്സിന് ഇടയിലുള്ളവരും (2022 ഒക്ടോബർ 31 അടിസ്ഥാനമാക്കി) കേരളത്തിൽ നിന്നുള്ളവരുമാണ് അപേക്ഷിക്കേണ്ടത്. ഒരു മത്സരാർഥി ഒരു ബിസിനസ് ആശയം മാത്രമേ സമർപ്പിക്കാവൂ. നേരത്തെ അവാർഡുകൾ നേടിയ ആശയങ്ങൾ സമർപ്പിക്കാൻ പാടില്ല. നാല് റൗണ്ടുകളിലായി നടത്തപ്പെടുന്ന മത്സരത്തിന്റെ ഫൈനൽ 2023 മാർച്ച് ഒന്നിന് തിരുവനന്തപുരത്ത് നടക്കും.

ഒന്നാം സമ്മാനം നേടുന്നയാൾക്ക് അഞ്ച് ലക്ഷം രൂപയും രണ്ടും മൂന്നും സമ്മാനങ്ങൾ ലഭിക്കുന്നവർക്ക് യഥാക്രമം മൂന്ന് ലക്ഷം രൂപയും രണ്ട് ലക്ഷം രൂപയുമാണ് സമ്മാനം. 4 മുതൽ 10 വരെ സ്ഥാനങ്ങൾ നേടുന്നവർക്ക് ഒരു ലക്ഷം രൂപ വീതവും 11 മുതൽ 20 വരെ സ്ഥാനക്കാർക്ക് 25,000 രൂപ വീതവും ലഭിക്കും. കൂടാതെ 20 ഫൈനലിസ്റ്റുകൾക്കും സർട്ടിഫിക്കറ്റുകളും മെമന്റോകളും സമ്മാനിക്കും.

Designed and Published by Kerala Bureau of Industrial Promotion (KBIP) on behalf of
Directorate of Industries & Commerce, Government of Kerala, Vikas Bhavan, Thiruvananthapuram.